**പതിനാലാം കേരളനിയമസഭ**

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2303

09.03.2018 ലെ മറുപടിയ്ക്ക്

**<u>വനഭൂമി കയ്യേറ്റം</u>**

<u>ചോദ്യം</u>

ശ്രീ.അൻവർ സാദത്ത്

(എ) 1977 ജനുവരിക്ക് ശേഷം വനം കയ്യേറിയതായി കണ്ടെത്തിയ എത്ര കേസുകൾ നിലവിലുണ്ട് ;

(ബി) എത്ര ഹെക്ടർ വനഭൂമിയാണ് കയ്യേറിയതായി കണ്ടെത്തിയിട്ടുള്ളത് ; വിശദാംശം നല്കാമോ ;

<u>ഉത്തരം</u>

അഡ്വ. കെ.രാജു
(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി)

(എ) 1977 ജനുവരിക്ക് ശേഷം വനം കയ്യേറിയതായി കണ്ടെത്തിയ 1226 കേസുകൾ നിലവിലുണ്ട്.

(ബി) വനം വകുപ്പ് 2015-16 സാമ്പത്തികവർഷം വരെ നടത്തിയ കണക്കെടുപ്പനുസരിച്ച് 19276.5181 ഏക്കർ (7801.10 ഹെക്ടർ) വനഭൂമി കയ്യേറിയെന്നാണ് കണ്ടെത്തിയിട്ടുള്ളത്. ജില്ല തിരിച്ചുള്ള വിശദവിവരം ചുവടെ ചേർക്കുന്നു.

| ജില്ല | വനം സർക്കിൾ | വനം ഡിവിഷൻ | അനധികൃത വനം കയ്യേറ്റം (ഹെക്ടറിൽ) | അനധികൃത വനം കയ്യേറ്റം (ഏക്കറിൽ) |
|---|---|---|---|---|
| തിരുവനന്തപുരം | സതേൺ സർക്കിൾ | തിരുവനന്തപുരം | 0 | 0 |
| പത്തനംതിട്ട | | കോന്നി | 10.59 | 26.16789 |
| | | റാന്നി | 1.13 | 2.79223 |
| കൊല്ലം | | തെന്മല | 7.24 | 17.89004 |
| ആകെ | | | 18.96 | 46.85016 |
| എറണാകുളം | ഹൈറേഞ്ച് സർക്കിൾ | കോതമംഗലം | 147.6 | 364.7196 |
| കോട്ടയം | | കോട്ടയം | 121.49 | 300.20179 |
| ഇടുക്കി | | മൂന്നാർ | 1099.65 | 2717.23515 |
| | | മറയൂർ | 0.03 | 0.07413 |
| | | മാങ്കുളം | 358.43 | 885.68053 |
| ആകെ | | | 1727.2 | 4267.9112 |
| തൃശ്ശൂർ | സെൻട്രൽ സർക്കിൾ | ചാലക്കുടി | 0 | 0 |
| | | തൃശ്ശൂർ | 147.04 | 363.33584 |
| എറണാകുളം | | മലയാറ്റൂർ | 129.29 | 319.47559 |
| ആകെ | | | 276.33 | 682.81143 |

| | | | | |
|---|---|---|---|---|
| മലപ്പുറം | ഈസ്റ്റേൺ സർക്കിൾ | നിലമ്പൂർ നോർത്ത് | 682.53 | 1686.53163 |
| | | നിലമ്പൂർ സൗത്ത് | 2.11 | 5.21381 |
| പാല-ക്കാട് | | പാല-ക്കാട് | 190.58 | 470.92318 |
| | | മണ്ണാർ-ക്കാട് | 2700.34 | 6672.54014 |
| | | നെന്മാറ | 244.19 | 603.39349 |
| ആകെ | | | 3819.75 | 9438.60225 |
| കോഴി-ക്കോട് | നോർ-ത്തേൺ സർക്കിൾ | കോഴി-ക്കോട് | 10.4 | 25.6984 |
| വയനാട് | | വയനാട് സൗത്ത് | 1369.29 | 3383.51559 |
| | | വയനാട് നോർത്ത് | 369.74 | 913.62754 |
| കണ്ണൂർ | | കണ്ണൂർ | 11.02 | 27.23042 |
| കാസർ-ഗോഡ് | | കാസർ-ഗോഡ് | 0 | 0 |
| ആകെ | | | 1760.45 | 4350.07195 |
| കോട്ടയം | ഫീൽഡ് ഡയറക്ടർ, കോട്ടയം | പെരിയാർ ഈസ്റ്റ് | 0.0061 | 0.0150731 |
| ഇടുക്കി | | ഇടുക്കി | 5.4 | 13.3434 |
| ആകെ | | | 5.4061 | 13.3584731 |
| തൃശ്ശൂർ | വൈൽഡ് ലൈഫ് സർക്കിൾ, പാലക്കാട് | പീച്ചി | 193.02 | 476.95242 |
| വയനാട് | | വയനാട് | 0 | 0 |
| കണ്ണൂർ | | ആറളം | 0 | 0 |
| ആകെ | | | 193.02 | 476.95242 |
| ആകെ | | | 7801.1161 | 19276.5578831 |

(സി) പ്രസ്തുത വനഭൂമി കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ് ;

(സി) 04.09.2015-ലെ ബഹു.ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. കോടതി ഉത്തരവ് അനുസരിച്ച് 20.01.2016 തീയതിയിലെ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ 6-ാം മത് സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റി യോഗത്തിൽ വിശദമായ ചർച്ചയ്ക്ക് വയ്ക്കുകയും, യോഗ തീരുമാനപ്രകാരം ലാന്റ് കൺസർവൻസി ആക്ട് പ്രകാരം നടപടികൾ സ്വീകരിക്കുവാൻ റവന്യൂ വകുപ്പിനോട് ആവശ്യപ്പെടുകയും ചെയ്തു.

2. ലാന്റ് കൺസർവൻസി ആക്ട് പ്രകാരം നടപടികൾ സ്വീകരിക്കാൻ കയ്യേറ്റക്കാരുടെ ലിസ്റ്റ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ ബന്ധപ്പെട്ട ജില്ലാകളക്ടർമാർക്ക് നല്കി.

3. ഏതാനും സ്ഥലങ്ങളിൽ വനം കയ്യേറ്റക്കാർക്ക് വനം വകുപ്പ് നേരിട്ട് നോട്ടീസ് നല്കിയിട്ടുണ്ട്.

4. 04.09.2015-ലെ ബഹു.ഹൈക്കോടതിവിധി പ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിന് നോട്ടീസ് നല്കുന്നതിനും, കയ്യേറ്റം ഒഴിപ്പിക്കൽ നടപടികൾ പൂർത്തിയാക്കി ബഹു.കോടതി മുമ്പാകെ റിപ്പോർട്ട് സമർപ്പിക്കുന്നതിനും അധികസമയവും നോട്ടീസ് നല്കുന്ന കാര്യത്തിൽ വ്യക്തതയും ആവശ്യപ്പെട്ടുകൊണ്ട് സർക്കാർ പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. അതിന്മേൽ അന്തിമ ഉത്തരവ് ആയിട്ടില്ല.

5. പുതുതായി കണ്ടെത്തുന്ന കയ്യേറ്റങ്ങൾ അപ്പപ്പോൾ തന്നെ ഒഴിപ്പിക്കുകയും പുതിയ കയ്യേറ്റങ്ങൾ ഉണ്ടാകാതിരിക്കുന്നതിന് ശ്രദ്ധിക്കുകയും ചെയ്യുന്നുണ്ട്.

(ഡി) കയ്യേറിയ വനഭൂമി തിരിച്ച് പിടിക്കുന്നതിന് വിഘാതമായി നിൽക്കുന്നത് ഏതെല്ലാം ഘടകങ്ങൾ ആണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) വനഭൂമി കയ്യേറ്റക്കാരുടെ സംഘടിതമായ ചെറുത്തുനില്പും, വിവിധ സംഘടനകളുടെ നേതൃത്വത്തിലുള്ള പ്രക്ഷോഭ പരിപാടികളും, പ്രാദേശിക രാഷ്ട്രീയവും മതപരവുമായ ഇടപെടലും, വിവിധ കോടതികളിൽ കയ്യേറ്റവുമായി ബന്ധപ്പെട്ട് തീർപ്പാക്കാതെ കിടക്കുന്ന കേസുകൾ എന്നിവയെല്ലാം തന്നെ കയ്യേറിയ വനഭൂമി തിരിച്ച് പിടിക്കുന്നതിന് വിഘാതമായി നിൽക്കുന്ന ഘടകങ്ങളാണ്.

(ഇ) വൻകിട കയ്യേറ്റക്കാർക്കെതിരെ ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ?.

(ഇ) 04.09.2015-ലെ ബഹു.ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ വനം കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി നോട്ടീസ് നല്കി തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ